**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **19-09-2025 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമിയുടെ കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടഭൂമി കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | കൈമാറ്റം ചെയ്ത് കിട്ടിയ തോട്ടഭൂമി പ്ലോട്ടുകളായി തിരിച്ച് വ്യക്തികൾക്ക് വീട് നിർമ്മിക്കാൻ ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നപക്ഷം ആയതിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് ഭാവിയിൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; തോട്ടഭൂമിയുടെ കൈവശക്കാരന് എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; വിശദമാക്കാമോ? | (ബി) | കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)e പ്രകാരം ഭൂപരിധിയിൽ ഇളവ് ലഭിച്ച തോട്ടഭൂമി, തുണ്ടുവത്കരിച്ച് മറ്റ് പ്രവർത്തനങ്ങൾക്കായി തരം മാറ്റിയാൽ, തരം മാറ്റിയ അത്രയും ഭൂമി 01-01-1970ന് ശേഷം ആർജ്ജിച്ചതായി കണക്കാക്കി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87(1) വിശദീകരണം II പ്രകാരം ഭൂപരിധിയിൽ ഇളവ് നേടിയവരുടെയോ അവരുടെ പിൻതുടർച്ചക്കാരുടെയോ പേരിൽ താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമി (ceiling case) കേസുകൾ പുനരാരംഭിച്ച് ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ